**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3862** **21.10.2016 ൽ മറുപടിയ്ക്ക്**

## ജൈവകൃഷി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ** | **ശ്രീ.വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) ഉപഭോക്താക്കൾക്ക് ജൈവകൃഷി ഉൽപ്പന്നങ്ങളെ തിരിച്ചറിഞ്ഞ് ഉറപ്പു വരുത്തുന്നതിനും, കൃത്രിമം തടയുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | എ) നല്ല കൃഷിമുറകൾ പാലിച്ച് വിഷവിമുക്തമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രോത്സാഹനം നൽകി വരുന്നു. ഇത്തരം ക്ലസ്റ്ററുകൾ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ പ്രത്യേക ലോഗോയിലും ലേബലോടുകൂടി വിപണിയിൽ എത്തിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ഇക്കോഷോപ്പുകൾ വഴിയും ഉപഭോക്താക്കൾക്ക് വിഷവിമുക്തമായ ഉല്പന്നങ്ങൾ ലഭിക്കുന്നതാണ്. നല്ല കൃഷിമുറകൾ പാലിച്ച് ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറി ഉല്പന്നങ്ങൾക്ക് കൃഷി ഓഫീസർ സാക്ഷ്യപത്രം നൽകുന്നതാണ്. ഇത്തരം ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിച്ചതും ഇക്കോഷോപ്പുകളിൽ നിന്നും വാങ്ങുന്നതും ജൈവ ഉല്പന്നങ്ങൾ ആയിരിക്കും. കൂടാതെ കേരള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കർഷകർ ഉല്പാദിപ്പിക്കുന്ന വിഷരഹിത പച്ചക്കറികളും മൂല്യ വർദ്ധിത ഉല്പന്നങ്ങളും നേരിട്ട് ശേഖരി ച്ച് "തളിർ" എന്ന ബ്രാന്റിൽ ഗുണഭോക്താ ക്കൾക്ക് ലഭ്യമാക്കുന്നതിനായി ബ്രാൻഡഡ് റീട്ടെയിൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്ന തിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

S. [signature]

**സെക്ഷൻ ഓഫീസർ**